No. CEE/5500/2017/KEAM-2018/TA1


കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001


# പത്രക്കുറിപ്പ്

## KEAM-2018

## മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്

സംസ്ഥാനത്തെ എം.ബി.ബി.എസ്/ബി.ഡി.എസ് ഉൾപ്പെടെയുള്ള മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **07.08.2018–ന്** ആരംഭിക്കുന്നതാണ്. ഈ ഘട്ടത്തിൽ മെഡിക്കൽ & അനുബന്ധ കോഴ്സുകളിൽ നിലവിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്കും അഖിലേന്ത്യാ ക്വാട്ടയിൽ നിന്നും സംസ്ഥാന ക്വാട്ടയിലേയ്ക്ക് തിരികെ ലഭിച്ചേയ്ക്കാവുന്ന എം.ബി.ബി.എസ്/ബി.ഡി.എസ് സീറ്റുകളിലേയ്ക്കും മെഡിക്കൽ & അനുബന്ധ വിഭാഗ ത്തിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുള്ള ഏതാനും കോളേജുകളിലേയ്ക്കും അലോട്ട്മെന്റ് നടത്തുന്നതാണ്. പ്രസ്തുത അലോട്ട്മെന്റിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിന് വിദ്യാർത്ഥികൾ നിർബന്ധമായും ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തിയിരിക്കണം. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് മെഡിക്കൽ/അനുബന്ധ കോഴ്സുകളിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുള്ള കോളേജുകളിലേയ്ക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും, ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനുമുള്ള സൗകര്യം **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ **11.08.2018 (ശനിയാഴ്ച) രാവിലെ 10 മണി**വരെ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനകം ലഭ്യമാകുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് 12.08.2018 ന് പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതുമായ ഫീസ്/ബാക്കി തുക (ബാധകമെങ്കിൽ) **13.08.2018** മുതൽ **17.08.2018** വരെ തീയതികളിൽ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റോഫീസ് മുഖാന്തിരമോ ഓൺലൈൻ പേയ്മെന്റ് മുഖേനയോ ഒടുക്കിയ ശേഷം **17.08.2018 വൈകുന്നേരം 5 മണിയ്ക്ക്** മുൻപായി അതത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് സംബന്ധിച്ച വിശദമായ വിജ്ഞാപനം വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

തിരുവനന്തപുരം
06.08.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**